(ഡി) ഒരു വൈദ്യുതി കണക്ഷൻ നൽകുന്നതിന് ശരാശരി എത്ര തുകയാണ് ബോർഡിന് ചെലവാകുന്നത് എന്ന വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഒരു ലക്ഷം സൗജന്യ ഗാർഹിക കണക്ഷനുകൾ നൽകാനാണ് ഇപ്പോൾ ഉത്തരവായിട്ടുള്ളത്.

(സി) ഇല്ല.

(ഡി) പോസ്റ്റ് ആവശ്യമില്ലാത്ത വെതർ ഫ്രൂഫ് കണക്ഷൻ സിംഗിൾ ഫേസിന് 2,000 മുതൽ 3,450 രൂപ വരെയും ത്രീഫേസിന് 6,000 രൂപയും.

വിദ്യുച്ഛക്തി വകുപ്പ് നിയമനങ്ങൾ

72 (912) ഡോ. എ. നീലലോഹിതദാസൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യുച്ഛക്തി വകുപ്പിൽ തസ്തിക മാറ്റം, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, ഡെയിലിവേജസ് എന്നിവ വഴി കാഷ്യർ/ക്ലർക്ക് വിഭാഗത്തിൽ എത്ര പേർ ജോലി ചെയ്യുന്നുണ്ട് ; വിശദവിവരം വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത നിയമനത്തിന് 6-4-98-ൽ പി.എസ്.സി.വഴി ലിസ്റ്റ് പ്രസിദ്ധീകരിച്ച സ്ഥിതിക്ക് നിലവിലുള്ള ഒഴിവുകളിലേയ്ക്ക് പി. എസ്. സി. മുഖാന്തിരം നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) കാഷ്യർ/ക്ലർക്ക് തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇപ്രകാരമുള്ള 118 പേർ കാഷ്യർ/ക്ലർക്ക് തസ്തികയിൽ ജോലി നോക്കുന്നുണ്ട്.

(ബി) പി.എസ്.സി.യിൽ നിന്നും അഡ്വൈസ് ലഭിച്ച എല്ലാപേർക്കും നിയമനം നൽകിയിട്ടുണ്ട്. ഇനി അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് ബാക്കി തസ്തികകളിലും നിയമനം നടത്തുന്നതാണ്.

(സി) 19-4-2000 വരെയുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തു കഴിഞ്ഞു.

പെൻഷൻ ആനുകൂല്യങ്ങളിൽ നിന്നും ബാദ്ധ്യത വസൂലാക്കാൻ നടപടി

73 (913) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും പിരിഞ്ഞുപോയ ജീവനക്കാരിൽ എത്രപേർക്ക് എത്ര രൂപയുടെ ബാദ്ധ്യതയാണ് ബോർഡുമായി നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പിരിഞ്ഞുപോകുമ്പോൾ നൽകുന്ന ആനുകൂല്യങ്ങളിൽ നിന്ന് ബാദ്ധ്യത തട്ടിക്കിഴിക്കാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(സി) പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുമ്പോൾ ബാദ്ധ്യത പിടിക്കാതിരിക്കുന്നതിന് ഉത്തരവാദികളായവരിൽ നിന്നും പ്രസ്തുത തുക ഈടാക്കുവാൻ നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ&ബി) ജീവനക്കാർ പിരിഞ്ഞുപോകുന്ന സമയത്ത് ബാദ്ധ്യതകൾ തിട്ടപ്പെടുത്തി അർഹമായ ആനുകൂല്യങ്ങളിൽ നിന്നും തട്ടിക്കിഴിച്ചതിന് ശേഷമാണ് ആനുകൂല്യങ്ങൾ അനുവദിക്കുന്നത്. പിരിഞ്ഞുപോകുന്ന ജീവനക്കാരുടെ ബാദ്ധ്യതകൾ അർഹമായ ആനുകൂല്യങ്ങളിൽ നിന്നും തട്ടിക്കിഴിക്കാതിരിക്കുന്ന സന്ദർഭം ഉണ്ടാകാറില്ല. എല്ലാ ജീവനക്കാരുടേയും ബാദ്ധ്യതാരഹിത സർട്ടിഫിക്കറ്റ് (നോൺ ലയബിലിറ്റി സർട്ടിഫിക്കറ്റ്) ബന്ധപ്പെട്ട അധികാരികളിൽ നിന്നും കിട്ടിയശേഷം മാത്രമേ ബോർഡ് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കാറുള്ളൂ.

(സി) പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുമ്പോൾ ബാദ്ധ്യതകൾ നിശ്ചമായും ഈടാക്കാറുണ്ട്.

ബോർഡ് ജീവനക്കാർക്ക് അധിക ശമ്പളം നൽകിയ നടപടി

74 (914) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇലക്ട്രിക്സിറ്റി ബോർഡ് ജീവനക്കാർക്ക് അധിക ശമ്പളം നൽകിയതായി ഓഡിറ്റിംഗിൽ കണ്ടെത്തിയിട്ടുണ്ടോ ; അപ്രകാരം നൽകിയതു കൊണ്ട് ബോർഡിനുണ്ടായ അധികചെലവ് എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) എത്ര ജീവനക്കാർക്കാണ് അധിക ശമ്പളം നൽകിയത് ;

(സി) അധിക ശമ്പളം നൽകുമ്പോൾ തന്നെ ശമ്പള പരിഷ്ക്കരണം നടപ്പിലാക്കി ബോർഡിനെ സാമ്പത്തിക പ്രതിസന്ധിയിലാക്കാതെ ഇരിക്കാൻ എന്ത് നടപടിയാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 1997 മാർച്ചിൽ അവസാനിക്കുന്ന സാമ്പത്തിക വർഷത്തെ കൺട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ടിൽ1995-ലെ ശമ്പള പരിഷ്ക്കരണവുമായി ബന്ധപ്പെട്ട് നടത്തിയ പേ ഫിക്സേഷനിൽ ബോർഡ് ജീവനക്കാർക്ക് അധിക ആനുകൂല്യം നൽകിയതായി പരാമർശമുണ്ട്. ഓഡിറ്റ് റിപ്പോർട്ടിൻ പ്രകാരം പരിശോധന നടത്തിയ കേസ്സുകളിൽ മൊത്തം 4.2 കോടി രൂപ അടിസ്ഥാന ശമ്പള ഇനത്തിൽ അധികം നൽകിയതായി പരാമർശിക്കുന്നു.

(ബി) 2532 കേസ്സുകൾ പരിശോധിച്ചതിൽ 2011 കേസ്സുകളിൽ അധിക ആനുകൂല്യം നൽകിയതായി കണ്ടെത്തിയതായി പരാമർശമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly